**ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : ജി.ഹരികുമാർ**

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.ബാബുരാജൻ പിള്ളയുടെ സ്ഥാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ 01-07-2003 തീയതിവച്ച് പ്രസിദ്ധീകരിച്ച സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ താൽക്കാലികമായി പുനർ നിർണ്ണയിച്ചുകൊണ്ട് : പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:
1. ശ്രീ.കെ.ബാബുരാജൻ പിള്ളയുടെ 14.09.11 ലെ അപേക്ഷ
2. സർക്കാരിന്റെ 20.10.12 ലെ 13598/എഫ്3/11/വനം നം. കത്ത്
3. ദക്ഷിണമേഖലാ മുഖ്യവനപാലകന്റെ 08-01-2013 ലെ ക്യു.ഇ1-8063/09 നമ്പർ ഉത്തരവ്.
4. ദക്ഷിണമേഖലാ മുഖ്യവനപാലകന്റെ 30-05-2013 ലെ ക്യു.ഇ1-8063/09 നമ്പർ ഉത്തരവ്.
5. ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12-05-2006 ലെ ഇ4-28038/03 നമ്പർ നടപടി ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ4 – 16619/2011 തീയതി 18 – 07 – 2013**

വനം വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റായി 28.02.85 ൽ സേവനമാരംഭിച്ച ശ്രീ.കെ.ബാബുരാജൻപിള്ള തസ്തികമാറ്റം വഴി ഫോറസ്റ്റർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി 12.02.1990 ൽ പുനലൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർ മുഖേന അപേക്ഷ സമർപ്പിച്ചുവെങ്കിലും മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി ഫോറസ്റ്ററായി നിയമനം നൽകുന്നതിനുള്ള വ്യവസ്ഥ 27.02.90 ലെ സർക്കാർ ഉത്തരവ് (പി) 17/90/വനം നമ്പർ പ്രകാരം സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ 1962 ലെ കേരളാ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ നിയമത്തിൽ വരുത്തിയ ഭേദഗതിയിലൂടെ നിർത്തലാക്കിയതിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ചിരുന്നില്ല. മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്നും തസ്തികമാറ്റംവഴി ഫോറസ്റ്റർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള വ്യവസ്ഥ പുനഃസ്ഥാപിച്ചുകൊണ്ട് 31.01.2008 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 11/98/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് ടിയാൻ 29.07.98 തീയതിയായി സമർപ്പിച്ച പുതിയ അപേക്ഷ പരിഗണിച്ച് ടിയാന് ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് 17-12-1999 ലെ 76/99 നമ്പർ സേവന ഉത്തരവ് പ്രകാരം കൊല്ലം സതേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവായിരുന്നു. ആയതനുസരിച്ച് ടിയാന്റെ സ്ഥാനം സൂചന 5 പ്രകാരം

പ്രസിദ്ധീകരിച്ച ഫോറസ്റ്റർമാരുടെ 01-07-2003 തീയതി കണക്കാക്കിയുള്ള സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ.402 ആയി നിശ്ചയിച്ചിട്ടുണ്ട്.

തസ്തികമാറ്റം വഴി ഫോറസ്റ്ററായി നിയമനം നൽകുന്നതിനുള്ള വ്യവസ്ഥ നിർത്തലാക്കിയ 27.02.90 ന് മുമ്പ് മിനിസ്റ്റീരിയൽ ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഫോറസ്റ്ററായി നിയമനം നൽകുന്നതിനായി മാറ്റിവച്ച ക്വാട്ടയിൽ ഒഴിവുകൾ നിലവിലുണ്ടായിരുന്നതിനാൽ ശ്രീ.കെ.ബാബുരാജൻപിള്ള 12.02.90 ൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് മുൻകാല പ്രാബല്യത്തോടെ തസ്തികമാറ്റം അനുവദിച്ച് സീനിയോറിറ്റി പുനഃ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ 17.04.2006 ൽ സമർപ്പിച്ച അപേക്ഷ തസ്തികമാറ്റത്തിന് അപേക്ഷ സമർപ്പിച്ച 12.02.90 ൽ വനം വകുപ്പിൽ ടിയാൻ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയിരുന്നില്ല എന്ന കാരണത്താൽ നിരസിക്കുകയാണുണ്ടായത്. എന്നാൽ ശ്രീ.കെ.ബാബുരാജൻ പിള്ളയെക്കാൾ ജൂനിയറായി വനം വകുപ്പിൽ 12.08.85 ൽ എൽ.ഡി. ക്ളർക്കായി സേവനം ആരംഭിച്ച ശ്രീ.കെ.പ്രദീപിന് 26.08.87 തീയതി മുതൽ മുൻകാലപ്രാബല്യ ത്തോടെ ഫോറസ്റ്ററായി തസ്തികമാറ്റം വഴി നിയമനം നൽകുകയും ഫോറസ്റ്റർ തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ചു നൽകുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ.കെ.ബാബുരാജൻ പിള്ളയും സമാന ആവശ്യം ഉന്നയിച്ചാണ് 14.09.2011 തീയതിയായി അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നത്.

1962 ലെ കേരളാ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ നിയമം ഭേദഗതി വരുത്തിയ തീയതിയായ 27.02.90 ന് മുമ്പ് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം മിനിസ്റ്റീരിയൽ സർവ്വീസിൽ നിന്നും തസ്തികാറ്റം വഴി ഫോറസ്റ്റർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനു വനം വകുപ്പിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കണമെന്ന വ്യവസ്ഥ നിലവിലില്ലായിരുന്നതിനാലും ടിയാൻ ഫോറസ്റ്ററായി തസ്തികമാറ്റം ആവശ്യപ്പെട്ട് 12.02.90 ൽ അപേക്ഷ സമർപ്പിച്ചപ്പോൾ മിനിസ്റ്റീരിയൽ വിഭാഗ ത്തിൽനിന്നും തസ്തിക മാറ്റത്തിനായി മാറ്റിവച്ച ക്വാട്ടയിൽ ഒഴിവുകൾ നിലവിലുണ്ടായിരുന്നതിനാലും അന്നത്തെ വ്യവസ്ഥകൾ പ്രകാരം ടിയാന് ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിനു അർഹതയുണ്ടെന്നു കണ്ടെത്തുകയും ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ.കെ. ബാബുരാജൻ പിള്ളയുടെ ഫോറസ്റ്റർ തസ്തികയിലെ സീനിയോറിറ്റി affected parties ന് നോട്ടീസ് നൽകിയതിനുശേഷം പുനഃക്രമീകരിക്കുവാൻ സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത സർക്കാർ നിർദ്ദേശ ത്തിന്റെ അടിസ്ഥാനത്തിൽ. ദക്ഷിണമേഖലാ മുഖ്യവനപാലകൻ സൂചന (3) പ്രകാരം ശ്രീ.ബാബുരാജൻപിള്ളയുടെ ഫോറസ്റ്റർ തസ്തികയിലെ സീനിയോറിറ്റി കൊല്ലം സർക്കിളിൽ 01-09-2009 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച ഫോറസ്റ്റർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 1 ശ്രീ.കെ.ജയന് മുകളിലായി താൽക്കാലികമായി സ്ഥാനം പുനർ നിർണ്ണയിച്ച് ഉത്തരവാകുകയും സൂചന (4) പ്രകാരം ടി ഉത്തരവ് സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.കെ.ബാബുരാജൻ പിള്ളയുടെ സ്ഥാനം സൂചന 5 പ്രകാരം പ്രസിദ്ധീകരിച്ച ഫോറസ്റ്റർമാരുടെ 01-07-2003 തീയതി കണക്കാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 19 ശ്രീ.അശോക് കുമാറിനും ക്രമ നമ്പർ 20 ശ്രീ.കെ.ജയനും ഇടയിൽ ക്രമ നമ്പർ 19 - എ ആയി താൽക്കാലികമായി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത തീരുമാനത്തിൽ ആക്ഷേപമുള്ളവർ ഈ ഉത്തരവ് വനം വകുപ്പ് വെബ്-സൈറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്ന പരാതികൾ ചട്ടപ്രകാരം പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്.

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

**ശ്രീ.കെ.ബാബുരാജൻ പിള്ള, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റാഫീസർ**

**പകർപ്പ്:**

1. ഡിവിഷണൽ ഫോറസ്റ്റാഫീസർ, കോന്നി
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ദക്ഷിണമേഖല) കൊല്ലം
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ സൗത്ത്) കൊല്ലം
4. അസി. ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
5. ഫയൽ / സ്റ്റോക്ക് ഫയൽ 2013.